പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3751 15-12-2014-ൽ മറുപടിയ്ക്ക്

## മദ്യപാനവും മദ്യവ്യാപാരവും അയോഗ്യതയാക്കാൻ നടപടി

ചോദ്യം:

ശ്രീ. ഇ.പി. ജയരാജൻ
ശ്രീ. കെ.വി. വിജയദാസ്
ശ്രീ. ആർ. രാജേഷ്
ശ്രീ. സാജു പോൾ

ഉത്തരം:

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | പുതിയ മദ്യനയത്തിന്റെ ഭാഗമായി മദ്യപാനവും മദ്യവ്യാപാരവും ഏതെങ്കിലും മേഖലകളിൽ അയോഗ്യതയായി കണക്കാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ഇല്ല. |
| (ബി) | തെരഞ്ഞെടുപ്പുകളിൽ മത്സരിക്കുന്നതിന് ഇവ അയോഗ്യതയായി കണക്കാക്കണമെന്ന അഭിപ്രായത്തിന്മേൽ നിലപാട് വ്യക്തമാക്കുമോ; | (ബി) | പരിഗണനയിലില്ല. |
| (സി) | മദ്യപിക്കുന്നതിന്റെയും മദ്യവ്യാപാരം നടത്തുന്നതിന്റെയും പേരിൽ സർക്കാരിന്റെ ഏതെങ്കിലും ഔദ്യോഗിക പദവി വഹിക്കുന്നവരെ തൽസ്ഥാനത്തു നിന്നും ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഇല്ല. |
| (ഡി) | ആർക്കെല്ലാം മദ്യം വിൽക്കാൻ പാടില്ലെന്നാണ് നിലവിൽ വ്യവസ്ഥയുള്ളത്; പ്രായപൂർത്തിയായിട്ടുള്ള മറ്റേതെങ്കിലും വിഭാഗക്കാരെ ഈ വിഭാഗത്തിൽ പുതുതായി ഉൾപ്പെടുത്താനുദ്ദേശമുണ്ടോ; മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ? | (ഡി) | നിലവിലുള്ള അബ്കാരി ഡിസ്പോസൽ റൂൾസ് പ്രകാരം ചുവടെ പറയുന്ന വിഭാഗത്തിൽപ്പെട്ടവർക്ക് മദ്യം വിൽക്കാൻ പാടില്ല.<br>1. ഡ്യൂട്ടിയിലുള്ള പോലീസ് ഉദ്യോഗസ്ഥൻമാർ, ക്യാമ്പ് ഫോളോവേഴ്സ്.<br>2. ഡ്യൂട്ടിയിലുള്ള എക്സൈസ് ഉദ്യോഗസ്ഥൻമാർക്ക്. |

| | | | |
|---|---|---|---|
| | . | | 3 ഡ്യൂട്ടിയിലുള്ള റെയിൽവെ ഉദ്യോഗസ്ഥൻമാർക്ക്<br>4. ഡ്യൂട്ടിയിലുള്ള മോട്ടോർ വാഹന ഡ്രൈവർമാർക്ക്.<br>5. അലഞ്ഞുതിരുഞ്ഞു നടക്കുന്നവർക്ക്.<br>6. 21 വയസ്സിനു താഴെ പ്രായമുള്ളവർക്ക്.<br>7. ബുദ്ധിസ്ഥിരതയില്ലാത്തവർക്ക്.<br>8. ലഹരി വസ്തുക്കൾ ഉപയോഗിച്ചിട്ടുണ്ട് എന്ന് കരുതാവുന്ന ആളുകൾക്ക്.<br>9. മദ്യം വാങ്ങുന്നതിന് കമാൻഡിംഗ് ഓഫീസറിൽ നിന്ന് പ്രത്യേക അനുവാദം ഇല്ലാത്ത സൈനിക ഉദ്യോഗസ്ഥർക്ക്.<br>പുതുതായി ആരെയും ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ